
## തൃക്കണ്ണാപുരം എൽ.സ്കൂൾ



# അക്കാദമിക മാസ്റ്റർ പ്ലാൻ





# ആമുഖം

സമഗ്ര ഗുണമേന്മാ പദ്ധതിയുടെ പ്രധാന ലക്ഷ്യം ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നാണ്

അക്കാദമികമികവാണ് സ്കൂളിന്റെ മികവ്

ഓരോ കുട്ടിയും അതത് ക്ലാസിൽ നേടണമെന്ന് പാഠ്യപദ്ധതി വിഭാവനം ചെയ്ത പഠന ലക്ഷ്യങ്ങൾ ആർജിച്ച് മുന്നേറണം. ഇതിനായി അക്കാദമിക ആസൂത്രണം വിവിധ തലങ്ങളിൽ നടത്തേണ്ടതുണ്ട്.

സ്കൂൾതല മാസ്റ്റർ പ്ലാനിൽ വിദ്യാലയ കാഴ്ചപ്പാടും അക്കാദമിക ലക്ഷ്യങ്ങളും വിഭവ വിനിയോഗവും പ്രവർത്തന പരിപാടികളും ഉൾക്കൊള്ളുന്നു.
എന്നാൽ ഈ ലക്ഷ്യങ്ങൾ ഓരോ ക്ലാസ് മുറിയുടെയും ഓരോ കുട്ടിയുടെയും തലത്തിൽ പ്രാവർത്തികമാക്കേണ്ടതുണ്ട്.

ഇവ മൂന്നും പരസ്പരം ബന്ധിപ്പിച്ചും ഏകോപിപ്പിച്ചും നടപ്പിലാക്കുന്ന അക്കാദമിക് മാസ്റ്റർ പ്ലാൻ സമഗ്ര ഗുണമേന്മാ പദ്ധതിയുടെ ലക്ഷ്യങ്ങൾ പൂർണമായി കൈവരിക്കാൻ ഉതകുന്നതാണ്

# വിദ്യാലയത്തിന്റെ ശക്തി

അർപ്പണ മനോഭാവത്തോടെ പ്രവർത്തിക്കുന്ന അധ്യാപകരും പി.ടി.എ.യും

സ്കൂളിന്റെ സമഗ്രവികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന എസ്.എസ്.ജി., പൂർവ വിദ്യാർഥികൾ , നാട്ടുകാർ, മികച്ച കെട്ടിടം, ഐസിടി സാധ്യത

പൊതു ജന പങ്കാളിത്തത്തോടെയുള്ള പരിപാടികൾ

ജലലഭ്യതയോടു കൂടിയ ടോയ്ലറ്റ് സൗകര്യങ്ങൾ

ആധുനിക രീതിയില്ലുള്ള അടുക്കള

പോഷക സമൃദ്ധമായ ഉച്ചഭക്ഷണം

ഊട്ടുപുര

പച്ചക്കറി പൂന്തോട്ടം

പാർക്ക്

ഒന്നാം ക്ലാസ് ഒന്നാന്തരം

മാസം തോറും നടക്കുന്ന ക്ലാസ് പി.ടി. എ. കൾ

# വിദ്യാലയത്തിന്റെ പരിമിതികൾ

കുട്ടികളുടെ എണ്ണത്തിനനുസരിച്ചുള്ള ഐസിടി
ഉപകരണങ്ങളുടെ അഭാവം

സ്ഥിരതയില്ലാത്ത ഇന്റർനെറ്റ് സംവിധാനം

കായികാധ്യാപകന്റെ അഭാവം

10 ശതമാനം വിദ്യാർഥികളുടെ പഠന
പിന്നോക്കാവസ്ഥ

ഇടച്ചുമരില്ലാത്ത ക്ലാസ് മുറി

എയ്ഡഡ് , അൺ എയ്ഡഡ് സ്കൂളുകളുടെ
അനാരോഗ്യകരമായ മത്സര പ്രവണത

സ്വന്തമായി വാഹനം ഇല്ല

## അക്കാദമിക പൊതു ലക്ഷ്യങ്ങൾ

- ❖ ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിച്ച് എല്ലാ കുട്ടികൾക്കും മലയാളം തെറ്റ് കൂടാതെ എഴുതാനും വായിക്കാനും ശേഷി ഉണ്ടാക്കുക.
- ❖ എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കരാക്കി മാറ്റുക.
- ❖ കുട്ടികളുടെ മികവുകൾ കണ്ടെത്തി പരിപോഷിപ്പിക്കുക.
- ❖ പ്രതിഭകളായ കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുക.
- ❖ കൂടുതൽ കുട്ടികളെ LSS വിജയികളാക്കുക.
- ❖ കുട്ടികളിൽ സാമൂഹിക പ്രതിബദ്ധതയും ജീവിസ്നേഹവും വളർത്തുക.
- ❖ കുട്ടികളെ പരിസ്ഥിതി സ്നേഹമുള്ളവരാക്കുക.
- ❖ നാലാം ക്ലാസ്സ് കഴിയുമ്പോഴേക്കും എല്ലാ കുട്ടികളെയും ചതുഷ്ക്രിയകൾ ചെയ്യാൻ പ്രാപ്തരാക്കുക.
- ❖ കുട്ടികളിൽ പൊതുവിജ്ഞാനം വർദ്ധിപ്പിക്കുക.
- ❖ കുട്ടികളുടെ കലാ കായികശേഷി വർദ്ധിപ്പിക്കുക എല്ലാ കുട്ടികൾക്കും വായനശാലയിൽ അംഗത്വം നൽകുക.
- ❖ ക്ലാസ്സ് ലൈബ്രറി പരമാവധി പ്രയോജനപ്പെടുത്തുക.
- ❖ വായിച്ച പുസ്തകങ്ങളുടെ വായനാക്കുറിപ്പുകൾ തയ്യാറാക്കുക.
- ❖ കുട്ടികളിൽ സാമൂഹിക അവബോധം ഉണ്ടാക്കുന്നതിനായി ദിനാചരണങ്ങൾ നടത്തുക.
- ❖ ശാസ്ത്ര-സാമൂഹ്യശാസ്ത്ര-ഗണിത സാഹിത്യ ക്യാമ്പുകൾ സംഘടിപ്പിക്കുക.
- ❖ രക്ഷിതാക്കളെ സ്കൂളുമായി കൂടുതൽ അടുപ്പിക്കുക. കുട്ടികളിലെ സർഗ്ഗാത്മക കഴിവുകൾ പരിപോഷിപ്പിക്കുക.

## പാട്ടരങ്ങ്

ലക്ഷ്യപ്രസ്താവനകൾ

താളം മനസ്സിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാന കവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.

കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുന്നു. ഒറ്റക്കും സംഘതയും ആവിഷകരിക്കുകയും ചെയ്യുന്നു.

ഈണം താളം ഭാവം ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.

ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.

ഭാഷാ പ്രവർത്തനങ്ങൾ സർഗ്ഗാത്മകവും സജീവവുമാക്കുന്നു.

പ്രവർത്തന ഘട്ടങ്ങൾ.

പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ പ്രവർത്തന ക്രമം എന്നിവ SRG യിൽ ചർച്ച (ജൂൺ ആദ്യ വാരം )

പാട്ടരങ്ങ് ഏകദിന ശില്പശാല സംഘടിപ്പിക്കുന്നു.

( ആഗസ്റ്റ് )

കുട്ടികളെ പങ്കാളികളാക്കി പാട്ടരങ്ങ് അവതരിപ്പിക്കൽ സെപ്റ്റംബർ മുതൽ എല്ലാമാസവും ബാലസഭയിൽ

ചുമതല -ക്ലാസ് ടീച്ചർ , രക്ഷിതാവ്

സാമ്പത്തികം – **BRC ( RS : 1000 )**

## -[redacted]- ഭാഷോത്സവം

### - ലക്ഷ്യപ്രസ്താവനകൾ

- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.

- കുട്ടികളുടെ സ്വതന്ത്ര രചനക്ക് സാധ്യത ഒരുക്കുന്നു.

- കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനു മുമ്പിൽ അവതരിപ്പിക്കുന്നു

- ആശയങ്ങളെ / അനുഭവങ്ങളെ വിവിധ വ്യവഹാര രൂപങ്ങളിലൂടെ പ്രകടിപ്പിക്കാൻ കഴിയുന്നു.

### - പ്രവർത്തന ഘട്ടങ്ങൾ

-ഭാഷോത്സവം SRG യിൽ ആസൂത്രണം ചെയ്യുന്നു.

- PTA യിൽ പിന്തുണ ഉറപ്പാക്കുന്നു.

- പ്രാദേശിക കലാ സാഹിത്യകാരന്മാരുടെ സഹകരണം ഉറപ്പാക്കുന്നു

- ഭാഷോത്സവത്തിന്റെ ഭാഗമായി അവതരിപ്പിക്കേണ്ട മികവുകൾ ലിസ്റ്റ് ചെയ്യുന്നു

- പ്രദർശനത്തിനുള്ള മുന്നൊരുക്കങ്ങൾ ചെയ്യുന്നു.

- ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.

- സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്നു.

ചുമതല : ക്ലാസ്സ് ടീച്ചർ , CPTA , BRC

സാമ്പത്തികം : SRG , CPTA ( RS : 3000 )

# വായനോത്സവം

## ലക്ഷ്യപ്രസ്താവനകൾ

എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കി മാറ്റുന്നു.

കുട്ടികളിൽ വായനാശീലം വളർത്തുന്നു

ലൈബ്രറി പ്രയോജനപ്പെടുത്തുന്നു.

വായനാ കുറിപ്പ് തയ്യാറാക്കുന്നു

## പ്രവർത്തന ഘട്ടങ്ങൾ

SRG യിൽ അംഗീകാരം വാങ്ങുന്നു. (ജൂൺ ആദ്യവാരം)

CPTA യിൽ ചർച്ച ചെയ്യുന്നു രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കുന്നു.

(ജൂലൈ ആദ്യവാരം)

ഓരോ മാസവും വായനോത്സവം നടത്തുന്നു.

അമ്മ വായന ജൂലൈ മാർച്ച്)

മാതൃകാ വായന അധ്യാപകർ (ക്രൂലൈ - മാർച്ച്)

## ചുമതലകൾ

ക്ലാസ് ടീച്ചർ

രക്ഷിതാവ്

## സാമ്പത്തികം

CPTA , BRC (RS : 5000 )

## [redacted] - രചനോത്സവം

- **ലക്ഷ്യപ്രസ്താവനകൾ**

- എല്ലാ കുട്ടികളും രചനാ പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു.

- രചനാ പ്രവർത്തനങ്ങളിൽ വൈവിധ്യങ്ങളായ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തുന്നു.

- കൃത്യമായ ഇടവേളകളിൽ ക്ലാസ് തല രചനാ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

- __ പ്രവർത്തന ഘട്ടങ്ങൾ;

- SRG യിൽ അംഗീകാരം വാങ്ങുന്നു.c ജൂൺ രണ്ടാം വാരം

- CPTA യിൽ പിന്തുണ ഉറപ്പാക്കുന്നു ( ജൂൺ 3-ാം വാരം

- (പ്രതിമാസ രചനോത്സവം ജൂലൈ to ഫെബ്രുവരി)

- രചനോത്സവത്തിന്റെ ഭാഗമായുള്ള രചനകൾ പ്രസിദ്ധീകരിക്കൽ(സെപ്റ്റംബർ, ഡിസംബർ 1 മാർച്ച് )

- വ്യക്തിഗത രചനകൾ പ്രസിദ്ധീകരിക്കൽ() മാർച്ച്)

ചുമതല : ക്ലാസ്സ്ടീച്ചർ , CPTA

സാമ്പത്തികം : CPTA , BRC ( RS : 2000)

## ● നാട്ടുവിശേഷം കൂട്ടെഴുത്ത്

- ലക്ഷ്യപ്രസ്താവനകൾ -

- പരിസര പഠനത്തിലൂടെ ഭാഷാ പഠന സാധ്യതകൾ ഒരുക്കുന്നു.

- _ പ്രകൃതി നിരീക്ഷണത്തിലൂടെ ഗ്രഹിച്ച ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിയുന്നു.

- നിരീക്ഷണം മുതൽ പരീക്ഷണം വരെയുള്ള പ്രക്രിയാ ശേഷികൾ ഉറപ്പുവരുത്തി ക്ലാസ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.

- മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നു

-പാഠപുസ്തകങ്ങളിലെ ആശയങ്ങൾക്കനുയോജ്യമായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ കഴിയുന്നു.

- .- പ്രവർത്തന ഘട്ടങ്ങൾ.

- SRG യിൽ അ വ ത ര ണം (ജൂൺ) പ്രകൃതി നടത്തം ഫീൽഡ് ട്രിപ്പ് എന്നിവ **SRG** യിൽ ആസൂത്രണം ചെയ്യുന്നു (ജൂൺ)

- **PTA** യിൽ അവതരിപ്പിച്ച് പിന്തുണ ഉറപ്പാക്കുന്നു.(ജൂലൈ )

- പാഠ ഭാഗത്തിനനുയോജ്യമായ പ്രകൃതി പഠന സാധ്യതകൾ കണ്ടെത്തി ആസൂത്രണം ( ജൂലൈ to മാർച്ച്)

ചുമതല : ക്ലാസ് ടീച്ചർ , **CPTA , SRG**

സാമ്പത്തികം : **CPTA , BRC ( RS : 1000 )**

## സംയുക്ത ഡയറി

-ലക്ഷ്യപ്രസ്താവനകൾ.

സ്വന്തം അനുഭവങ്ങൾക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.

സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.

സ്വതന്ത്രരചന നടത്തുന്നതിന്

ഭാഷാ ശേഷി വികസിപ്പിക്കുന്നതിന്

പ്രവർത്തന ഘട്ടങ്ങൾ

SRG യിൽ മികച്ച ഡയറിയുടെ അവതരണം. - ജൂൺ ആദ്യവാരം

CPTA യിൽ ഡയറി പരിചയപ്പെടുത്തൽ; രക്ഷിതാവിന്റെ പിന്തുണ ഉറപ്പാക്കൽ - ജൂൺ രണ്ടാം വാരം

എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു. – ജൂലൈ

ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു.(അതാത് മാസം)

കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കു വെക്കുന്നു.

( ജൂൺ - മാർച്ച് വരെ )

- സംയുക്ത ഡയറി പുസ്തക രൂപത്തിൽ മാറ്റുന്നു.( ജനുവരി)

- സംയുക്ത ഡയറി പ്രകാശനം .( ജനുവരി)

- ചുമതല -ക്ലാസ് ടീച്ചർ, രക്ഷിതാവ്.

- സാമ്പത്തികം – CPTA ( RS : 2000 )

## റീഡേഴ്സ് തിയേറ്റർ

- ലക്ഷ്യപ്രസ്താവനകൾ -

- - രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

- - രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു.

- - പാഠ പുസ്തകങ്ങളിലെയും ലഘു ബാലസാഹിത്യ കൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായ് അവതരിപ്പിക്കുന്നു.

- - ഭാഷയിലെ പഠന മുന്നേറ്റത്തിന് സംഗീതം, ശ്രാവ്യ വായന, ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു.

-_ പ്രവർത്തന ഘട്ടങ്ങൾ. - - SRG യിൽ ആശയം പങ്കിടൽ (ജൂൺ)

- _CPTA യിൽ ആശയം പങ്കിടൽ പിന്തുണ ഉറപ്പാക്കൽ (ജൂൺ മൂന്നാം വാരം)

- _ ഏകദിന റീഡേഴ്സ് തിയേറ്റർ ശില്പശാല ( ജൂലൈ )

- എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠഭാഗങ്ങൾ തിരെഞ്ഞെടുത്ത ലഘു ബാലസാഹിത്യ കൃതികൾ എന്നിവ റീഡേഴ്സ് തിയേറ്റർ സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുന്നു ( ജൂലൈ -മാർച്ച് )

- മികച്ചത് ബാലസഭയിൽ ( എല്ലാമാസവും)

- ഭാഷോത്സവത്തിൽ മികച്ചത് അവതരണം (ഫെബ്രുവരി )

- ചുമതല -ക്ലാസ് ടീച്ചർ.

- സാമ്പത്തികം -BRC RS ( 1000 )